# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം : 260

28-06-2011-ൽ മറുപടിക്ക്

## അതിരപ്പിള്ളി ജലവൈദ്യുത പദ്ധതിയുടെ അംഗീകാരം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ. എ. അസീസ്<br>,, കോവൂർ കുഞ്ഞുമോൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജ വകുപ്പു മന്ത്രി |
| (എ) അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി നടപ്പിലാക്കുവാൻ ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ; | (എ) അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി ജനങ്ങളുടെ എതിർപ്പുകൾ പരമാവധി കുറച്ചു കൊണ്ട് നടപ്പാക്കാനാണ് സംസ്ഥാന സർക്കാർ മുൻഗണന നൽകുന്നത്. എന്നാൽ പദ്ധതി നടപ്പാക്കുന്നതിനെതിരെ പരിസ്ഥിതി സംഘടനകളും വ്യക്തികളും ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെയും കേന്ദ്ര സർക്കാരിനുമുമ്പാകെയും വിവിധ ആക്ഷേപങ്ങൾ ഉന്നയിച്ചു കൊണ്ടുള്ള പരാതികൾ നിലവിലുണ്ട്. സംസ്ഥാന സർക്കാർ ഈ പദ്ധതിയ്ക്കെതിരെ ആക്ഷേപങ്ങൾ ഉന്നയിച്ച വ്യക്തികളും സംഘടനകളുമായി ഒരുവട്ട ചർച്ച പൂർത്തിയാക്കി കഴിഞ്ഞു. ചർച്ചയിൽ ഉരുത്തിരിഞ്ഞ ആശങ്കകൾ ദൂരീകരിക്കാൻ സംസ്ഥാന സർക്കാർ മുൻകൈ എടുത്ത് നടപടി സ്വീകരിക്കുന്നുണ്ട്. |
| (ബി) കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിൽ നിന്നും ഈ പദ്ധതിക്ക് അനുമതി ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (ബി) സംസ്ഥാന സർക്കാരിന്റെ അഭ്യർത്ഥന മാനിച്ച് കേന്ദ്ര പരിസ്ഥിതി മന്ത്രി സംസ്ഥാനം സന്ദർശിക്കുകയും ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഈ പദ്ധതിയുമായി ബന്ധപ്പെട്ട സംസ്ഥാന സർക്കാരിന്റെ നിലപാട് അറിയിക്കുകയുമുണ്ടായി. സംസ്ഥാന |

സർക്കാർ ജനങ്ങളുടെ എതിർപ്പുകൾ പരമാവധി കുറച്ചു കൊണ്ട് ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ഉയർന്നിട്ടുള്ള ആക്ഷേപങ്ങളും ആശങ്കകളും ദുരീകരിച്ച് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തെ വീണ്ടും സമീപിക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) ഈ പദ്ധതിക്ക് അംഗീകാരം നൽകുന്നതിൽ എന്തൊക്കെ തടസ്സവാദങ്ങളാണ് കേന്ദ്ര പരിസ്ഥിതി മന്ത്രാലയം ഉന്നയിക്കുന്നതെന്നും അവ തരണം ചെയ്യാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ ?

(സി) ഈ പദ്ധതി നടപ്പാക്കുമ്പോൾ അവിടുത്തെ ജൈവ വൈവിധ്യസമ്പത്ത് നഷ്ടപ്പെടുമെന്നും പദ്ധതിപ്രദേശത്തിനു സമീപത്തു വസിക്കുന്ന ആദിവാസി കുടുംബങ്ങളെ ദോഷകരമായി ബാധിക്കുമെന്നുമുള്ള ആശങ്കകളാണ് ഉന്നയിച്ചിരിക്കുന്നത്. വിവിധ പഠന റിപ്പോർട്ടുകളുടെ വിലയിരുത്തലുകളുടെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ ആശങ്കകൾ ദുരീകരിക്കാൻ കഴിയുമെന്നാണ് സംസ്ഥാന സർക്കാർ പ്രതീക്ഷിക്കുന്നത്.

സെക്ഷൻ ഓഫീസർ